## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1773 — 4..10..2011 ൽ മറുപടിയ്ക്ക്

### കാറ്റിൽ നിന്നും വൈദ്യുതി - എൻ.റ്റി.പി.സി.യുമായി ധാരണ

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | മറുപടി<br>ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|
| (എ) കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി എൻ.റ്റി.പി.സി. കേരള സർക്കാരുമായി ധാരണാ പത്രം ഒപ്പ് വച്ചിട്ടുണ്ടോ; എങ്കിൽ ഒപ്പ് വച്ച ധാരണാ പത്രത്തിന്റെഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ; | (എ) കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി എൻ.റ്റി.പി.സി.യുമായി കേരള സർക്കാർ ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട് . പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു. |
| (ബി) എൻ.റ്റി.പി.സി. നേരിട്ടാണോ, സ്വകാര്യ സ്ഥാപനങ്ങളുമായി സംയുക്ത പങ്കാളിത്തത്തിലാണോ പദ്ധതി നിർവ്വഹിക്കാൻ പോകുന്നതെന്ന്വ്യക്തമാക്കാമോ; | (ബി) എൻ.റ്റി.പി.സി. നേരിട്ടാണ് പദ്ധതി നിർവ്വഹിക്കാൻ പോകുന്നത്. |
| (സി) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനാണ് എൻ.റ്റി.പി.സി ഉദ്ദേശിക്കുന്നത്; | (സി) ഇടുക്കി ജില്ലയിലെ രാമക്കൽമേട് വാഗമൺ പ്രദേശങ്ങളും പാലക്കാട് ജില്ലയിലെ നല്ലശിംകം, കോട്ടത്തറ, കഞ്ചിക്കോട് എന്നീ പ്രദേശങ്ങളുമാണ് എൻ.റ്റി.പി.സി കാറ്റാടി പദ്ധതിക്കു വേണ്ടി ഇപ്പോൾ പരിഗണിക്കുന്നത്. അനുയോജ്യമായ കൂടുതൽ സ്ഥലങ്ങൾ അന്വേഷിച്ചു വരുന്നു. |
| (ഡി) സർക്കാർ ഭൂമിയിലാണെങ്കിൽ അവ ഏതൊക്കെയാണെന്നും, സ്വകാര്യ ഭൂമിയിൽ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ പ്രസ്തുത ഭൂമി എങ്ങിനെ ലഭ്യമാക്കാനാണുദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ; | (ഡി) പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ ലഭ്യമായ സർക്കാർ ഭൂമിയാണ് ഉപയോഗപ്പെടുത്തുക. സ്വകാര്യ ഭൂമി ഉപയോഗപ്പെടുത്തുന്നതുമായ ബന്ധപ്പെട്ട വിശദാംശങ്ങൾ ഇനിയും രൂപപ്പെടുത്തിയിട്ടില്ല. |
| (ഇ) ഇതുമായി ബന്ധപ്പെട്ട് അനർട്ട് തയ്യാറാക്കിയ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്താമോ? | (ഇ) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കൂടുതൽ സ്ഥലങ്ങൾ കണ്ടെത്താനും അവിടങ്ങളിൽ സാദ്ധ്യതാ പഠനങ്ങൾ നടത്തുവാനും അനർട്ട് പദ്ധതി തയ്യാറാക്കിവരുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ